നമ്പർ. ഡിസിഎ/സിഎ-16(114)/16

കളക്ടറേറ്റ് ആലപ്പുഴ
ഫോൺ.0477 2251720
ഇ-മെയിൽ:dcalp.ker@nic.in
തീയതി: 05/12/2016

ജില്ലാ കളക്ടർ,
ആലപ്പുഴ.

ഗവൺമെൻറ് സെക്രട്ടറി,
വിവര സാങ്കേതിക വകുപ്പ്,
സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.

സർ,

വിഷയം : ഹരിത കേരളം പദ്ധതി - ജില്ലയിലെ പഞ്ചായത്തുകളിൽ 08/12/2016 ന് ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ – റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബ

സൂചന : 1. 28.09.2016 തീയതിയിലെ സ.ഉ.(പി) നം.41/2016/ആ.സാ.വ.
2. 25.11.2016 തീയതിയിലെ ഗവ. സർക്കുലർ നം.1034810/ഡി1/2016/ആ.സാ.വ.

---------------------------------

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഹരിത കേരളം പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഡിസംബർ 8-ാം തീയതി ആരംഭിക്കുന്നതിന് സർക്കാർ സൂചന 2 പ്രകാരം വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലയിലെ 62 ഗ്രാമപഞ്ചായത്തുകൾ പ്രത്യേക ഭരണസമിതി യോഗം ചേരുകയും ജില്ലയിൽ ഏറ്റെടുത്ത് നടത്തേണ്ട പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 10 പഞ്ചായത്തുകൾ 5-12-2016, 6-12-2016 തീയതികളിൽ യോഗം ചേരുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. ടി പദ്ധതിയുമായി ബന്ധപ്പെട്ട് പ്രമുഖരെ പങ്കെടുപ്പിച്ച് ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന പട്ടികയും പ്രത്യേക ഭരണസമിതി യോഗം ചേരാത്ത പഞ്ചായത്തുകളുടെ ലിസ്റ്റും ഇതോടൊപ്പം ചേർക്കുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലയിലെ പ്രവർത്തനങ്ങൾ ഫലവത്തായി നടത്തുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിവരവും റിപ്പോർട്ട് ചെയ്യുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്) 5/12/16
ജില്ലാ കളക്ടർ

ഉള്ളടക്കം : മേൽ വിവരിച്ച പ്രകാരം.

**<u>പ്രത്യേക ഭരണ സമിതി യോഗം ചേരാത്ത പഞ്ചായത്തുകളുടെ ലിസ്റ്റ്</u>**

| ക്രമ നം. | ഗ്രാമ പഞ്ചായത്തിൻെറ പേര് |
|---|---|
| 1 | കോടംതുരുത്ത് |
| 2 | പാണാവള്ളി |
| 3 | കഞ്ഞിക്കുഴി |
| 4 | നീലംപേരൂർ |
| 5 | മാന്നാർ |
| 6 | പുളിങ്കുന്ന് |
| 7 | ആറാട്ടുപുഴ |
| 8 | തഴക്കര |
| 9 | ഭരണിക്കാവ് |
| 10 | വള്ളികുന്നം |

ഹരിതകേരള മിഷൻ പദ്ധതിയുടെ ഭാഗമായി 08.12.2016 ൽ ആലപ്പുഴ ജില്ലയിൽ ഏറ്റെടുത്ത് നടത്തുവാൻ തീരുമാനിച്ച പ്രധാന പ്രവർത്തനങ്ങൾ.

| ജില്ലാതല പരിപാടി | | | |
|---|---|---|---|
| ക്രമ നം. | പഞ്ചായത്ത് /മുനിസിപ്പാലിറ്റി | ഏറ്റെടുക്കുന്ന പ്രവർത്തി | പങ്കെടുക്കുന്ന പ്രമുഖ വ്യക്തി / വ്യക്തികൾ |
| 1 | ജില്ലാ പഞ്ചായത്ത് | 5 വർഷമായി തരിശുകിടക്കുന്ന മാരാരിക്കുളം തെക്ക് പഞ്ചായത്തിലെ 13 ഹെക്ടർ കോറ്റാട്ട് പാടശേഖരത്തിൽ പച്ചക്കറി കൃഷി | ശ്രീ.ജി.സുധാകരൻ, ബഹു. പൊതുമരാമത്ത്- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി. |
| മറ്റു പരിപാടികൾ | | | |
| 2 | ജില്ലാ പഞ്ചായത്ത് | 6 പഞ്ചായത്തുകളിൽ തരിശു കിടക്കുന്ന 13 പാടശേഖരങ്ങളിലെ 1870.44 ഹെക്ടർ നിലത്തിൽ പച്ചക്കറി കൃഷി പുനരുജ്ജീവനം | |
| 3 | കളക്ടറേറ്റ് | കളക്ടറേറ്റ് വളപ്പിൽ റവന്യൂ- കൃഷി വകുപ്പുകളിലെ ഉദ്യോഗസ്ഥർ സംയുക്തമായി നടത്തുന്ന കൃഷി | ജില്ലാ കളക്ടർ |

| ക്രമ നം. | ഗ്രാമ പഞ്ചായത്തിന്റെ പേര് | ഏറ്റെടുക്കുന്ന പ്രവർത്തനം | ഉദ്ഘാടന സ്ഥലം | പങ്കെടുക്കുന്ന പ്രമുഖ വ്യക്തി / വ്യക്തികൾ |
|---|---|---|---|---|
| 1 | മാരാരിക്കുളം തെക്ക് | തീരപ്രദേശത്ത് കണ്ടൽച്ചെടി നടൽ | 23-ാം വാർഡ് - കോർത്തുശ്ശേരി തീരം | ആര്യാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് |
| 2 | ചെന്നിത്തല തൃപ്പെരുന്തറ | പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് പ്ലാസ്റ്റിക് കയർ നിർമ്മാണം | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ | മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് |
| 3 | പാലമേൽ | സ്വാപ് ഷോപ് | നൂറനാട് മാർക്കറ്റ് - പഞ്ചായത്ത് ഹാൾ | |
| 4 | നൂറനാട് | കാവുകളുടേയും കുളങ്ങളുടേയും സംരക്ഷണം | വാർഡ് 17 ലെ പൊതുകുളം | തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗം - ശ്രീ.രാഘവൻ |
| 5 | മാരാരിക്കുളം വടക്ക് | വിഷരഹിത പച്ചക്കറി ഗ്രാമം - എല്ലാ വീടുകളിലും 20 വീതം ഫലവൃക്ഷ തൈകൾ നൽകുന്നു | മാരാരിക്കുളം മാർക്കറ്റ് | പൊതുമരാമത്ത് വകുപ്പ് മന്ത്രി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് |
| 6 | കടക്കരപ്പള്ളി | ഹരിത സമൃദ്ധി ( 14 വാർഡുകളിൽ കൃഷി ഗ്രൂപ്പുകൾക്ക് കൃഷിക്കായി സ്ഥലമൊരുക്കൽ ) - പൊതുസ്ഥലങ്ങളുടെ ശുചീകരണം | സി എച്ച് സി കടക്കരപ്പള്ളി | പഞ്ചായത്ത് പ്രസിഡന്റ് |
| 7 | ചമ്പക്കുളം | എല്ലാ വാർഡുകളിലും നിന്ന് പ്ലാസ്റ്റിക് ശേഖരിച്ച് കൈമാറുന്നു. | പഞ്ചായത്ത് ഹാൾ | ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് |
| 8 | കൈനകരി | പ്ലാസ്റ്റിക് മാലിന്യം പാടശേഖരം , ,ജലാശയങ്ങൾ എന്നിവിടങ്ങളിൽ നിന്ന് പൊതുജന പങ്കാളിത്തത്തോടെ ശേഖരിച്ച് റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്നു. | ഉപതെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ ഔദ്യോഗിക ഉദ്ഘാടനം ഇല്ല. | |
| 9 | പുന്നപ്ര തെക്ക് | എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് , കിണർ റീചാർജ് , ജൈവ പച്ചക്കറി കൃഷി | 11-ാം വാർഡ് - ജൈവ പച്ചക്കറി കൃഷി | പഞ്ചായത്ത് പ്രസിഡന്റ് |
| 10 | മാവേലിക്കര താമരക്കുളം | ക്ലീൻ താമരക്കുളം പദ്ധതി - നാട്ടുവാതിക്കൽ തോട് , ഇലപ്പൻ പാറ , മാർക്കറ്റ് എന്നിവ വൃത്തിയാക്കുന്നു. | പഞ്ചായത്ത് ഓഫീസ് അങ്കണം | മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് |
| 11 | കഞ്ഞിക്കുഴി | ജൈവ ഹരിതസമൃദ്ധി പദ്ധതി . എല്ലാ സ്കൂൾകുട്ടികൾക്കും പച്ചക്കറി തൈ നൽകുന്നു. 4000 കമ്പോസ്റ്റ് പിറ്റ് നിർമ്മിക്കുന്നു. 250 കിണറുകൾ റീചാർജ് ചെയ്യുന്നു. | എസ്.എൻ.കോളേജ് ജംഗ്ഷൻ | പൊതുമരാമത്ത് വകുപ്പ് മന്ത്രി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് , ജില്ലാ കളക്ടർ |
| 12 | പുന്നപ്ര വടക്ക് | പ്ലാസ്റ്റിക് ഹർത്താൽ , പ്ലാസ്റ്റിക് നിയന്ത്രിത ഉപയോഗ പഞ്ചായത്ത് , പ്ലാസ്റ്റിക് വിരുദ്ധ മനുഷ്യചങ്ങല | പറവൂർ ജംഗ്ഷനിൽ പ്ലാസ്റ്റിക് വിരുദ്ധ മനുഷ്യചങ്ങല ഉദ്ഘാടനം ചെയ്യുന്നു. | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് , അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് |